TB Movie Panel Weekly Review

**#MoviePanel**

ജോഷ്വാ മോശയുടെ പിൻഗാമി

എഴുതിയത് : Sajan Ramanandan

ഒന്നര ലക്ഷം രൂപയ്ക്ക് ചെയ്ത സിനിമ. കൊള്ളാവുന്ന ഒരു മിസ്റ്ററി ത്രില്ലർ ആണ്.

അഖിലേഷ് ഈശ്വർ , മിഥുൻ എബ്രഹാം , വെളിയനാട്, അഞ്ജന സാറ ഐസക്ക് , അമൃത വിജയ് , ശശി പള്ളാത്തുരുത്തി ആർ ജെ അൽഫോൻസാ, മാത്യു ജോസഫ്, സുധീർ സലാം, മധു പെരുന്ന, ശ്രീദേവി, റിച്ചാർഡ്, സുമേഷ് മാധവൻ, രാഹുൽ രവീന്ദ്രൻ, ഹിഷാം മുഹമ്മദ് തുടങ്ങിയവരാണ് അഭിനേതാക്കൾ. ഒരാൾ ഒഴികെ അഭിനേതാക്കൾ എല്ലാവരും തുടക്കക്കാരാണെന്നാണ് എന്റെ വിശ്വാസം. ഏറെക്കുറെ എല്ലാവരും മിതമായ അഭിനയം കാഴ്ച വച്ചു. നായകൻ കുറച്ചു കൂടി മെച്ചപ്പെടാമായിരുന്നു എന്ന് തോന്നിയെങ്കിലും കൂട്ടുകാരൻ & പോലീസ്കാരൻ നാച്ചുറൽ ആയിരുന്നു.

വിനോദ് ഗോപി ആണ് സിനിമാട്ടോഗ്രാഫി, ബഡ്ജറ്റ് വച്ചു നോക്കുമ്പോൾ ക്യാമറ വർക്ക് നന്നായിട്ടുണ്ട്. എൺപതു മിനിറ്റ് ഉള്ള സിനിമ, കുറച്ചു സ്ലോ മോഷൻ, ആവർത്തനമുള്ള ഷോട്ടുകൾ എന്നിവ ഉപയോഗിച്ച് സമയം കുറച്ചു നീട്ടുന്നുണ്ട് അത് ഒഴിവാക്കിയാൽ സിനിമയുടെ ദൈർഖ്യം കുറഞ്ഞേനെ, ഒരു പക്ഷേ എൺപതു മിനിറ്റ് തികയ്ക്കാൻ അത് വേണ്ടി വന്നതും ആകാം. അനീഷ് സ്വാതി ആണ് എഡിറ്റർ. ആർട്ട് ക്രയോൺ വേൾഡ്. സൗണ്ട് മിക്സിങ് കുട്ടി ജോസ്. സൗണ്ട് ഡിസൈൻ നെവിൻ സി ഡെൽസൺ, ജ്യോതിഷ് ജോൺസൻ. DI FC സ്റ്റുഡിയോസ്, കളറിസ്റ്റ് ജോജി പാറയ്ക്കൽ. മ്യൂസിക് & ബാക്ക്ഗ്രൗണ്ട് സ്കോർ ബോണ്ണി ലൂയിസ്. ബിജിഎം നന്നായിരുന്നു. രണ്ടു പാട്ടുകളും ഉണ്ട്. സിനിമയുടെ നിർമ്മാണം ക്യാഷ്ഫ്ലൂ ഡു സിനിമാസ്.

സിനിമ firstshows ott പ്ലാറ്റ്ഫോമിൽ ആണ് ലഭ്യം. അറുപതു രൂപയാണ് rent. ഇത്തരം ഒരു ശ്രമത്തിന് എഴുത്തുകാരൻ / സംവിധായകൻ സുധീഷ് മോഹന് ആശംസകൾ. നിങ്ങളെ എനിക്ക് പരിചയമില്ല, ഈ സിനിമ ഒരു വമ്പൻ സംഭവവും ആയിരിക്കില്ല, പക്ഷേ ഒരു സിനിമാമോഹി എന്ന നിലയ്ക്ക് വലിയ പ്രചോദനമാണ്. നിങ്ങൾക്ക് വലിയ സിനിമകൾ ചെയ്യാൻ സാധിക്കട്ടെ, വലിയ വിജയങ്ങൾ നിങ്ങൾ നേടട്ടെ.

Joshwa Moshayude Pingami https://www.firstshows.com/movie/joshwa_moshayude_pingami